"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യ വികസനം – എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സേവനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രയോജനപ്പെടുത്തുന്നത് – മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (ഡി.ഡി.) വകുപ്പ്

സ.ഉ.(സാധാ) നം.2933/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/12/2019

പരാമർശം:- 1. 21.05.2019-ൽ ബഹു. ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിലും, 01.06.2019-ൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിലും ചേർന്ന യോഗങ്ങളിൽ കൈക്കൊണ്ട തീരുമാനങ്ങൾ

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ അസോസിയേഷൻ ഭാരവാഹികളുമായി 27.11.2019 ൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തിയ ചർച്ചയിൽ കൈക്കൊണ്ട തീരുമാനങ്ങൾ.

ഉത്തരവ്

കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയെ മികവിന്റെ കേന്ദ്രങ്ങളാക്കുവാനും അവരുടെ പങ്കാളിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിച്ച് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും അതുവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന/ അഭിമുഖീകരിക്കുവാൻ സാധ്യതയുള്ള പ്രശ്നങ്ങൾക്ക് സാങ്കേതികമായ പരിഹാരം കണ്ടെത്തുവാനും എഞ്ചിനീയറിംഗ് മേഖലയുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണം അനിവാര്യമാണ്. എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെയും എഞ്ചിനീയറിംഗ് കോളേജുകളിലെ വകുപ്പുകളുടെയും അധ്യാപകരുടെയും അറിവുകളും കഴിവുകളും നാടിനും സമൂഹത്തിനും പ്രയോജനപ്പെടുത്തുന്നതിന് അവസരം നല്കുന്നതിനോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനും ഈ സഹകരണം സഹായകരമാകും.

2) ഈ ആശയം പ്രാവർത്തികമാക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (1), (2) പ്രകാരം കൈക്കൊണ്ട യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഇന്റേൺഷിപ്പും അതുവഴി പ്രായോഗികമായ നൈപുണ്യ വികസനവും നല്കുന്നതിനും എഞ്ചിനീയറിംഗ് കോളേജുകളിലെ വിവിധ വകുപ്പുകളുടെയും അവയുടെ അധ്യാപകരുടെയും കൺസൾട്ടൻസി സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പ്രോജക്ടുകൾക്കായി പ്രയോജനപ്പെടുത്തുന്നതിനുമായി ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

i)കേരളത്തിലെ സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകളിലുള്ള കോളേജുകളിൽ എഞ്ചിനീയറിംഗ് കോഴ്സ് പൂർത്തിയാക്കിയവർക്ക് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലോ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളിലോ (കില, ശുചിത്വമിഷൻ, തൊഴിലുറപ്പ മിഷൻ, കുടുംബശ്രീ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, കെ.എസ്.ആർ.ആർ.ഡി.എ., ഇൻഫർമേഷൻ കേരള മിഷൻ, ലൈഫ് മിഷൻ, ഹരിത കേരളം, ഇംപാക്ട് കേരള ലിമിറ്റഡ്, അമൃത് മിഷൻ മാനേജ്മെന്റ് യൂണിറ്റ് etc.) ഒരു വർഷം ഇന്റേൺഷിപ്പിന് നൽകാം. ഇന്റേൺഷിപ്പ് ആവശ്യമുള്ളവർ ഇതിനായി അസാപ് (ASAP) വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളിൽ ഓരോ സിവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയും, ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും രണ്ട് വീതം സിവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കും ജില്ലാ പഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും രണ്ട്

വീതം സിവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കും ഓരോ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥിക്കും ഓരോ മെക്കാനിക്കൽ/ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥിക്കും ഒരേ സമയം ഇന്റേൺഷിപ്പിന് അവസരം നൽകാവുന്നതാണ്. ബിരുദ കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് പ്രതിമാസം 10,000/- രൂപയും ബിരുദാനന്തര ബിരുദ കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് പ്രതിമാസം 15,000/- രൂപയും ഇന്റേൺഷിപ്പിന് സ്റ്റൈപ്പന്റ് നൽകാവുന്നതാണ്.

ii)കേരളത്തിലെ സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകളിലുള്ള കോളേജുകളിൽ എഞ്ചിനീയറിംഗ് കോഴ്സ് പൂർത്തിയാക്കിയവർക്ക് അവർക്ക് ഇഷ്ടമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ/അനുബന്ധ സ്ഥാപനത്തിൽ ഇന്റേൺഷിപ്പ് തിരഞ്ഞെടുക്കാം. തദ്ദേശ സ്വയംഭരണ വകുപ്പ് തലവൻമാർ ഇക്കാര്യത്തിനായി അസാപ്പിന്റെ സ്റ്റേറ്റ് ഇന്റേൺഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതും അവരുടെ കീഴിലുള്ള ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, മേഖലകളിൽ/പ്രോജക്ടുകളിൽ ഇന്റേൺഷിപ്പിന് അവസരം ഉണ്ടെന്നുള്ള വിവരം രേഖപ്പെടുത്തേണ്ടതുമാണ്. അസാപ്പ് നടപ്പാക്കുന്ന സ്റ്റേറ്റ് ഇന്റേൺഷിപ്പ് പോർട്ടലിൽ ഇതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

iii) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, ചീഫ് എഞ്ചിനീയർ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവരും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും മിഷനുകളും ഇതിനായി ഓരോ നോഡൽ ഓഫീസർമാരെ ഉടനടി നിയമിക്കേണ്ടതാണ്.

iv) ബിരുദ, ബിരുദാനന്തര ബിരുദ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ കരിക്കുലത്തിന്റെ ഭാഗമായുള്ള വിവിധ പ്രോജക്ട് വർക്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ / അനുബന്ധ സ്ഥാപനങ്ങളിൽ ചെയ്യുന്നതിന് അവസരമുണ്ടാക്കേണ്ടതാണ്. ഇതിനുതകുന്ന പ്രോജക്ട് ആശയങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എഞ്ചിനീയറിംഗ് കോളേജുകളുമായി ചേർന്ന് കണ്ടെത്താവുന്നതും ഇതിനായി LSGD എഞ്ചിനീയറിംഗ് വിംഗ് ആവശ്യമായ പിന്തുണ നൽകേണ്ടതുമാണ്.

v) ഇന്റേൺഷിപ്പുകളും പ്രോജക്ട് വർക്കുകളും തൃപ്തികരമായി പൂർത്തിയാക്കുന്നവർക്ക് തദ്ദേശസ്വയംഭരണ വകുപ്പും ഉന്നതവിദ്യാഭ്യാസ വകുപ്പും (അസാപ്) ചേർന്ന് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

vi) സ്വാശ്രയ കോളേജുകളടക്കം എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ / അനുബന്ധ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കുതകുന്ന എഞ്ചിനീയറിംഗ് സ്റ്റാർട്ട് അപ് യൂണിറ്റുകൾ കാമ്പസിൽ ആരംഭിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. സർക്കാരിന്റെ സ്റ്റാർട്ട് അപ് മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എഞ്ചിനീറിംഗ് സ്റ്റാർട്ടപ്പുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വേണ്ട പ്രോത്സാഹനങ്ങൾ കൊടുക്കേണ്ടതാണ്.

vii) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ / അനുബന്ധ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിൽ സ്വാശ്രയ കോളേജുകളടക്കമുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ വകുപ്പുകളുടെയും അധ്യാപകരുടെയും കൺസൾട്ടൻസി സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിന് ആവശ്യമെങ്കിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ സർക്കാർ അംഗീകൃത നിരക്കിനുള്ളിൽ ഫീസ് നൽകാവുന്നതാണ്. കോളേജ് വകുപ്പുകൾക്കും ഫാക്കൽറ്റികൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി / അനുബന്ധ സ്ഥാപനങ്ങളുമായി ചേർന്ന് പ്രൊജക്ടുകൾ ചെയ്യാവുന്നതാണ്.

viii) ഇന്റേൺഷിപ്പിനായി വിവിധ സ്ഥാപനങ്ങളിൽ തിരഞ്ഞെടുക്കുന്നവരുടെ സേവനം എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെ സംബന്ധിച്ച് കൃത്യമായ പ്ലാനും പ്രോജക്ടുകളും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കേണ്ടതാണ്. ഇതിനുള്ള നിർദ്ദേശം എല്ലാ വകുപ്പ് തലവൻമാരും അവരുടെ കീഴിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്. തദ്ദേശ സ്വയംഭരണ

വകുപ്പ് ചീഫ് എഞ്ചിനീയർ ഇക്കാര്യങ്ങളിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകണം.

3. ഇന്റേൺഷിപ്പുകൾക്കും പ്രോജക്ട് വർക്കുകൾക്കും വരുന്ന വിദ്യാർത്ഥികൾക്ക് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ കൃത്യമായ (structured) പ്രോഗ്രാം തയ്യാറാക്കി നൽകണം. ഇപ്രകാരം നൽകുന്ന ഇന്റേൺഷിപ്പുകളുടെയും പ്രോജക്ട് വർക്കുകളുടെയും പ്രവർത്തനം LSGD എഞ്ചിനീയറിംഗ് വിംഗ് വിലയിരുത്തേണ്ടതും ഫീഡ് ബാക്ക് അസാപ്പ് വഴി ഉന്നത വിദ്യാഭ്യാസ വകുപ്പിന് നൽകേണ്ടതുമാണ്.

4. ഇന്റേൺഷിപ്പുകളുടെയും പ്രോജക്ട് വർക്കുകളുടെയും വിശദാംശങ്ങൾ LSGD വെബ്സൈറ്റിൽ വ്യക്തമായി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**റ്റി.കെ.ജോസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്: പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, നഗരകാര്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, ഗ്രാമവികസന കമ്മീഷണറേറ്റ്, തിരുവനന്തപുരം.

വൈസ് ചാൻസലർ, എ.പി.ജെ.അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, തിരുവനന്തപുരം.

വൈസ് ചാൻസലർ, കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാല, കളമശ്ശേരി, കൊച്ചി

ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ, ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം.

സി.ഇ.ഒ., ASAP, വഴുതക്കാട്, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, കെ.എസ്.ആർ.ആർ.ഡി.എ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ സ്റ്റേറ്റ് മിഷൻ, തിരുവനന്തപുരം.

മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.

മിഷൻ ഡയറക്ടർ, അമൃത്, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സ്മാർട്ട്സിറ്റി, തിരുവനന്തപുരം ലിമിറ്റഡ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ്, എറണാകുളം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ

മാനേജിംഗ് ഡയറക്ടർ, ഇംപാക്ട് കേരള ലിമിറ്റഡ്, നഗരകാര്യ ഡയറക്ടറേറ്റ്, സ്വരാജ് ഭവൻ, തിരുവനന്തപുരം.

മിഷൻ ഡയറക്ടർ/സി.ഇ.ഒ. ഹരിത കേരളം

മിഷൻ ഡയറക്ടർ/സി.ഇ.ഒ., ലൈഫ് മിഷൻ

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (ബന്ധപ്പെട്ട വകുപ്പ് തലവൻമാർ മുഖേന) സ്വാശ്രയ കോളേജുകളടക്കം എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾക്കും (ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ മുഖേന)

ഉന്നത വിദ്യാഭ്യാസ വകുപ്പ് (wrt G2/119/2019-HEDN) dtd 15.05.2019)

തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

വെബ് &ന്യൂ മീഡിയ (ഐ & പിആർഡി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ) പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.